പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5678

28.03.2018 ൽ
മറുപടിയ്ക്ക്

## സി.എ.പി.എഫ് ഉദ്യോഗസ്ഥർക്ക് സൗകര്യമൊരുക്കിയ കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള തുക

ചോദ്യം

ശ്രീ. വി.പി.സജീന്ദ്രൻ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 2016-ലെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ആലപ്പുഴ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ക്രമസമാധാന പാലനത്തിന് നിയോഗിച്ച സി.എ.പി.എഫ് ഉദ്യോഗസ്ഥരുടെ താമസത്തിന് താല്ക്കാലിക സൗകര്യം കോൺട്രാക്ടർമാരായ ഇക്ബാൽഖാൻ, ഷൈൻ മാത്യു ടി.എം. വിജയൻ എന്നിവർ ഒരുക്കിയിരുന്നോ ; | (എ) സി.എ.പി.എഫ് ഉദ്യോഗസ്ഥരുടെ താമസത്തിന് താൽക്കാലിക സൗകര്യം ടിയാൻമാർ ഒരുക്കിയിരുന്നു. |
| (ബി) കോൺട്രാക്ടർമാർക്ക് ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് തുകയാണ് നൽകുവാനുള്ളത് ; | (ബി) ആലപ്പുഴ ജില്ലാ കളക്ടർ നൽകിയ ബില്ലുകൾ പ്രകാരം ശ്രീ.ഇക്ബാൽഖാന്- 3,89,423/- രൂപയും, ശ്രീ.ഷൈൻ മാത്യുവിന്-2,60,764/- രൂപയും ശ്രീ.ടി.എം.വിജയന്-2,81,285/- രൂപയും ഉൾപ്പെടെ ആകെ 9,31,442/- രൂപയാണ് നൽകാനുള്ളത്. |
| (സി) പ്രസ്തുത തുക അനുവദിച്ച് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണ്; ഇതു സംബന്ധിച്ച് പോലീസ് വകുപ്പിൽ നിന്നും 11.10.2017 ലും 01.11.2017 ലും നൽകിയ കത്തുകളുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; | (സി) ഇല്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രസ്തുത ചെലവുകൾ വഹിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ മേൽ തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതിനുള്ള സാധ്യത എന്നിവ പരിശോധിച്ച് വിവരം നൽകുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള തുക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ